# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 430

10.03.2015-ൽ മറുപടിക്ക്

### വായ്പ തിരിച്ചടയ്ക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തികൾ മാരകരോഗങ്ങൾ വന്ന് മരിച്ചാൽ വായ്പ/പലിശ/പിഴപ്പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകൾ ഇപ്പോൾ അനുവദിക്കാറുണ്ട്; ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയവായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ റിസ്ക്ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടുള്ള പക്ഷം വായ്പാ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ |

വരികയും ചെയ്യുന്ന കേസുകളിൽ വായ്പ മുതലിനത്തിൽ പരമാവധി 75,000/- രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പാക്കാരനിൽ നിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വായ്പാ വിതരണം ചെയ്യുന്ന എല്ലാ സംഘങ്ങൾ/ബാങ്കുകളും റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) മാരക രോഗങ്ങൾ വന്ന് മരണപ്പെടുന്നവർക്ക് കുടിശ്ശിക കൂടാതെ വായ്പ തുക അടക്കുവാൻ കഴിയാത്തതിനാൽ ഇവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ ലഭിക്കാറില്ലായെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ മാത്രമെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാതിരിക്കുകയുള്ളൂ. പ്രസ്തുത കാലയളവിൽ കൂടുതൽ കാലാവധിയിൽ കുടിശ്ശിക വന്നാൽ

അപ്രകാരമുള്ള വായ്പകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുകയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം വായ്പക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കാത്ത സാഹചര്യത്തിൽ പുതിയ നിർദ്ദേശവും പരിഗണനയും ലഭ്യമാക്കുവാൻ സന്നദ്ധമാകുമോ?

(സി) റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ള കാലയളവിലും കൂടുതൽ കാലം കുടിശിക ആകുന്ന വായ്പകൾക്ക് കൂടി റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിനായി പുതിയ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 13(6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കേരള വികസന ക്ഷേമനിധി ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഈ നിയമവ്യവസ്ഥ പ്രകാരം അർഹതയുള്ള കേസുകളിൽ നിയമാവലിയിലെ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ